>> ലേഖനം

● ടി. മുഹമ്മദ് വേളം

# ദൈവികദർശനത്തിന്റെ സമകാലിക പ്രസക്തി

യുക്തിയുടെ തലത്തിൽ മാർക്സിസം മുതലാളിത്തത്തോടു തോറ്റു. കേവല ഗണിതവും കേവല യുക്തിയും കുറേക്കാലം ജയിച്ചു നിന്നാലും ആത്യന്തികമായി തോൽക്കുമെന്ന ദൈവപാഠമാണ്, ചരിത്രാനുഭവമാണ് മുതലാളിത്തത്തിന്റെ പതനത്തെ പ്രവചിക്കാൻ നമുക്ക് ആത്മവിശ്വാസം നൽകുന്നത്. എപ്പോഴും കണക്ക് ജയിക്കുകയും മനുഷ്യൻ തോൽക്കുകയുമില്ല. ബഹുദൈവത്വ ദൈവങ്ങളെ സൂക്ഷിച്ചു നോക്കിയാൽ അതും മനുഷ്യൻ തന്നെയാണെന്ന് കാണാം. മനുഷ്യൻ തന്റെ ഛായയിൽ ദൈവത്തെ സൃഷ്ടിക്കുകയായിരുന്നു. രാജാവും പുരോഹിതനും ധനികനും ചേർന്ന മുന്നണിക്കു വേണ്ടി പുരോഹിതൻ ദൈവത്തിന്റെ ഭാഷയിൽ സംസാരിച്ചു. ദൈവവും മനുഷ്യൻ തന്നെയാകുക; ദൈവതാൽപര്യം മനുഷ്യതാൽപര്യം തന്നെയാകുക. ഇവിടെയും ഏത് മനുഷ്യൻ എന്ന ചോദ്യത്തിന്റെ ഉത്തരം നാട്ടിൽ അധികാരവും പണവുമുള്ള സവർണൻ എന്നു തന്നെയാണ്.

**പണത്തിന്റെ** അളവുപാത്രം കൊണ്ട് ജീവിതത്തെ മുഴുവൻ അളന്നെടുക്കാനുള്ള ശ്രമമാണ് മുതലാളിത്തം. ഇത് ഭൗതികതയുടെ ഏറ്റവും വികസിതമായ രൂപമാണ്. നാണയത്തിൽ അളന്നെടുക്കാൻ കഴിയാത്ത ഒന്നിനും വിലയില്ല എന്നതാണ് മുതലാളിത്തത്തിന്റെ നോട്ടപ്പാട്.

മുതലാളിത്തത്തിന് എത്ര വയസ്സായി എന്ന ഒരന്വേഷണം സംഗതമാണെന്ന് തോന്നുന്നു. മുതലാളിത്തത്തിന്റെ ആയുസ്സിനെക്കുറിച്ചും ചരിത്രത്തെക്കുറിച്ചുമുള്ള ഒരന്വേഷണം ആധുനിക യൂറോപ്പിന്റെ ചരിത്രത്തിലാണ് ചെന്ന് ചേരുക. മുതലാളിത്തം ഒരു സുപ്രഭാതത്തിൽ വെറുതെ ഒരിടിക്ക് തവരയായി പൊടിച്ചുണ്ടായതല്ല. അതിനെ രൂപപ്പെടുത്തിയ ഒരു ചരിത്രസന്ദർഭമുണ്ട്.

പടിഞ്ഞാറ് മനുഷ്യ ചരിത്രത്തെ മൂന്നായാണ് തരംതിരിക്കുന്നത്-പ്രാചീനം, മധ്യകാലം, ആധുനികം. എ.ഡി 476 മുതൽ 1453 വരെയുള്ള കാലമാണ് മധ്യകാലയുഗം അഥവാ റോമാ സാമ്രാജ്യത്വത്തിന്റെ പതനം മുതൽ ഉസ്മാനീ ഖിലാഫത്ത് കോൺസ്റ്റാന്റിനോപ്പിൾ കീഴടക്കുന്നതുവരെയുള്ള കാലം. മധ്യകാല യുഗം കറുത്ത കാലം അല്ലെങ്കിൽ ഇരുണ്ട കാലമാണെന്ന് അവർ രേഖപ്പെടുത്തുന്നു. മധ്യകാലം യൂറോപ്പിൽ വെളിച്ചം കെട്ട കാലമായിരുന്നു. പക്ഷേ, കിഴക്ക് പ്രവാചകപ്പിറവി ഉൾപ്പെടെ ഒരുപാട് സൂര്യോദയങ്ങൾ ഉണ്ടായ കാലം കൂടിയാണത്. എന്നാൽ, യൂറോപ്പിന് യൂറോപ്പിന്റെ ചരിത്രമായിരുന്നു മനുഷ്യരുടെ ചരിത്രം. ഈ ഏകപക്ഷീയതയെയാണ് യൂറോകേന്ദ്രീകൃതം (Eurocentric) എന്ന് ഇന്ന് അടയാളം വെക്കപ്പെടുന്നത്. പാശ്ചാത്യന്റെ കോലുകൊണ്ട് മൊത്തം മനുഷ്യരെ അളന്നെടുക്കുകയായിരുന്നു ആധുനികത ഇതുവരെ ചെയ്തുപോന്നത്.

മധ്യകാലയുഗത്തിൽനിന്ന് ആധുനിക യുഗത്തിലേക്കുള്ള മാറ്റപ്രക്രിയയെയാണ് നവോത്ഥാനം എന്ന് വിളിക്കുന്നത്. യൂറോപ്യൻ നവോത്ഥാനത്തിന്റെ മൂന്ന് അടിസ്ഥാനങ്ങൾ ഇവയാണ്: ദൈവത്തിനു പകരം മനുഷ്യൻ, പരലോകത്തിനു പകരം ഇഹലോകം, അതീന്ദ്രീയ ജ്ഞാനത്തിനു പകരം ആധുനിക ശാസ്ത്രം. അതുവരെ ദൈവങ്ങളെ കേന്ദ്രീകരിച്ചായിരുന്നു രാഷ്ട്രീയവും കലയും സാഹിത്യവും ശാസ്ത്രവും വിദ്യാഭ്യാസവും എല്ലാം വികസിച്ചിരുന്നത്. നാഗരികതയുടെ കേന്ദ്രം ദൈവമായിരുന്നു. എന്നാൽ മനുഷ്യനാണ് മൂല്യങ്ങളുടെ മാനദണ്ഡവും സ്രഷ്ടാവും എന്ന വാദവുമായാണ് നവോത്ഥാനവും ആധുനികതയും കടന്നുവന്നത്. ദൈവമാണ് മൂല്യത്തിന്റെ മാനദണ്ഡവും സ്രോതസ്സും എന്നാണ് മതങ്ങളുടെ പൊതുനിലപാട്.

മധ്യകാല യൂറോപ്പിൽ ഉൾപ്പെടെ എല്ലാ പുരോഹിത മതത്തിലും തിയോക്രസിയിലും ദൈവത്തിന്റെ പേരിൽ സംസാരിച്ചത് പുരോഹിതനായിരുന്നു, അവന്റെ താൽപര്യങ്ങളായിരുന്നു. പുരോഹിതൻ ദൈവത്തിന്റെ പേരിൽ കളവ് പറയുകയായിരുന്നു. മതത്തിന്റെ മേൽവിലാസത്തിൽ ജനതയുടെ പണം തട്ടിയെടുക്കുകയായിരുന്നു. അധികാരികൾക്ക് ജനതയെ അടക്കിഭരിക്കാൻ മതത്തിന്റെ ഉപ

കരണങ്ങൾ കൊണ്ട് അവർ നിലം പാകപ്പെടുത്തിക്കൊടുത്തു. ഈ പുരോഹിതനും ദൈവത്തിനുമെതിരായ കലാപമായാണ് യൂറോപ്പിൽ മനുഷ്യവാദവും ആധുനികതയും ആരംഭിച്ചത്. പിന്നീടത് എല്ലാ ദൈവത്തിനുമെതിരായ കാട്ടുതീയായി പടർന്ന് പിടിക്കുകയായിരുന്നു.

മനുഷ്യൻ അപാരമായ സാധ്യതകൾ ഉള്ളടങ്ങിയ ഒരു ജീവിയാണെന്ന് അവർ കണ്ടെത്തി. ദൈവ, പ്രേത, ഭൂത, പിശാച് പേടികളാണ് ഈ സാധ്യതയിൽ നിന്ന് അവനെ തടഞ്ഞത്. ഈ വിശ്വാസങ്ങളിൽ നിന്ന് സ്വതന്ത്രനായാൽ മനുഷ്യന് പ്രകൃതിയെ കീഴ്പെടുത്താൻ കഴിയും. ഇത് പഴയ എല്ലാ പിന്തിരിപ്പൻ മൂല്യങ്ങളേയും തകർത്ത് തരിപ്പണമാക്കും. മനുഷ്യൻ ഉൽപാദനോപാധികളുടെ വികാസത്തിലൂടെ പുതിയ ഭൂമിയും പുതിയ ആകാശവും സൃഷ്ടിക്കും. ദൈവത്തിനു പകരം മനുഷ്യനെന്ന പുതിയ ദൈവം ആരാധിക്കപ്പെട്ടു. 'മനുഷ്യൻ' ആധുനികതയുടെ പുതിയ കണ്ടുപിടുത്തമാണെന്നവർ പ്രഖ്യാപിച്ചു.

ദൈവമില്ലാത്ത മുതലാളിത്തവും കമ്യൂണിസവും ഈ പുതിയ മനുഷ്യ ദൈവത്തിലാണ് വിശ്വസിച്ചത്. പരിധികളില്ലാത്ത വികസനമാണ് രണ്ടിന്റെയും ധർമമീമാംസ. മനുഷ്യരെക്കുറിച്ച് ഇത്ര വാചാലമായി സംസാരിച്ച ഒരു നാഗരികത എന്തു കൊണ്ട് ഇത്ര അപമാനവീകരിക്കപ്പെട്ടു എന്ന ചോദ്യം ഇന്ന് പല ദിക്കിൽ നിന്നും ഉയരുന്നുണ്ട്. എല്ലാ മനുഷ്യരെയും പൊതുവിൽ ഒരുമിപ്പിച്ച് നിർത്തുന്ന ഘടകം സ്രഷ്ടാവായ ദൈവം എന്നതായിരുന്നു. ദൈവത്തെ മാറ്റിനിർത്തി മനുഷ്യനെ നിർവചിക്കുകയാണ് ആധുനിക യൂറോപ്യൻ നാഗരികത ചെയ്തത്. പക്ഷേ, പാശ്ചാത്യ ഭൗതിക നാഗരികതയുടെ ജൈത്രയാത്രക്കിടയിൽ ലോകത്തിന് പുതിയ ചില തിരിച്ചറിവുകളുണ്ടായി. ഇവർ 'മനുഷ്യൻ' എന്നു പറയുന്നത് ഇവരെക്കുറിച്ച് മാത്രമാണ്. അഥവാ യൂറോപ്യനായ വെളുത്ത പുരുഷനെക്കുറിച്ച് മാത്രമാണ്. ഇവർ സംസ്കാരം എന്ന് പറയുന്നത് ഇവരുടെ സംസ്കാരത്തെക്കുറിച്ച് മാത്രമാണ്.

ദൈവം ഖബ്റടക്കപ്പെട്ടതോടുകൂടി മൂല്യങ്ങളും ഖബ്റടക്കപ്പെടുകയായിരുന്നു. സ്വാർഥത ഏറ്റവും വലിയ മൂല്യമായി മാറി. ആരാണ് മനുഷ്യൻ എന്നത് വളരെ ഗൗരവമുള്ള നിർണായകമായ ചോദ്യമാണ്. ഏക ദൈവത്തിന്റെ അടിമ എന്നതാണ് അതിന് ഖുർആൻ നൽകുന്ന ലളിതവും മനോഹരവുമായ മറുപടി. ഭൗതികത കൊട്ടിപ്പാടുന്ന മനുഷ്യൻ  ഞാൻ തന്നെയാണ്. പിന്നെ തന്നെപ്പോലുള്ളവരും തന്റെ താൽപര്യങ്ങളെ നിറവേറ്റാൻ സഹായിക്കുന്നവരും. ആധുനികതയുടെ ആധാരശിലകളിലൊന്നായ ദേശീയതയെക്കുറിച്ച് സയ്യിദ് അബുൽ അഅ്ലാ മൗദൂദി പറഞ്ഞത്, 'ഒരു ഭൗതികവാദിക്ക് ആദർശപരമായി നന്നെക്കവിഞ്ഞാൽ ഒരു ദേശീയവാദിയാകാനേ കഴിയൂ' എന്നാണ്. ഇതാകട്ടെ സ്വാർഥതയുടെ വിപുലീകരണം മാത്രമാണെന്നും അദ്ദേഹം പറയുന്നു.

'തന്റെ ശരീരത്തിന്റെയും ശാരീരിക കഴിവുകളുടെയും ഉടമസ്ഥൻ താൻ തന്നെയാണെന്ന് അവൻ മനസ്സിലാക്കും. അതിനാൽ അവയെ യഥേഷ്ടം എങ്ങനെയും ഉപയോഗിക്കും. തന്റെ സ്വാധീനത്തിൽ വരുന്ന വസ്തുക്കളുടെയും തന്റെ അധികാരത്തിൽ കീഴിലുള്ള ജനങ്ങളുടെയും അധിനാഥൻ താൻ തന്നെയാണെന്ന നിലക്കാണവൻ വർത്തിക്കുക..... താനൊരു കടിഞ്ഞാണില്ലാത്ത കുതിരായാകുന്നതിൽ നിന്ന് തന്നെ തടഞ്ഞുനിർത്തുവാൻ വല്ല ധാർമിക ബോധമോ ഉത്തരവാദിത്വബോധമോ തന്നെ ചോദ്യം ചെയ്യുന്ന ശക്തിയെക്കുറിച്ച ബോധ്യമോ അവനുണ്ടായിരിക്കുകയില്ല. പുറത്തു നിന്നുള്ള തടസ്സങ്ങളില്ലാതിരിക്കുകയോ ഉണ്ടെങ്കിൽ തന്നെ അവയെ അവഗണിച്ച് യഥേഷ്ടം പ്രവർത്തിക്കാനുള്ള കഴിവുണ്ടാകുകയോ ചെയ്യുമ്പോൾ താൻ അക്രമിയും വഞ്ചകനും തെമ്മാടിയും നാശകാരിയും ആയിത്തീരുക എന്നതാണ് ഈ ആദർശത്തിന്റെ സ്വാഭാവികമായ താൽപര്യം. സ്വന്തം നിലക്ക് അവൻ സ്വാർഥിയും പദാർഥ പൂജകനും അവസര സേവകനുമായിരിക്കും. സ്വാഭിലാഷങ്ങളെയും മൃഗീയ വികാരങ്ങളെയും ആരാധിക്കുന്നതൊഴിച്ച് മറ്റൊരു ജീവിതോദ്ദേശ്യവും തനിക്കുണ്ടാവില്ല. ആ ജീവിതോദ്ദേശ്യം സാധിക്കുവാൻ സഹായകമാവുന്ന വസ്തുക്കൾക്കേ അവന്റെ ദൃഷ്ടിയിൽ വിലയും നിലയുമുണ്ടാവുകയുള്ളൂ. വ്യക്തികളിൽ ഇങ്ങനെയുള്ള സ്വഭാവചര്യകൾ ഉടലെടുക്കുകയെന്നത് പ്രസ്തുത ആദർശത്തിന്റെ പ്രാകൃതികവും അനിവാര്യവുമായ ഫലമാണ്. വല്ല താൽകാലിക താൽപര്യത്തിന്റെയോ ഭാവിയെക്കുറിച്ച ആശങ്കയുടെയോ പേരിൽ താൻ സഹാനുഭൂതിയും ത്യാഗസന്നദ്ധതയും സമുദായത്തിന്റെ ക്ഷേമാഭിവൃദ്ധിക്കായുള്ള യത്നവും പൊതുവിൽ ഒരു തരം ഉത്തരവാദിത്വബോധത്തോടുകൂടിയ സ്വഭാവ വിശേഷങ്ങളും പ്രകടിപ്പിച്ചെന്ന് വരാം. എന്നാൽ അവന്റെ ജീവിത നയങ്ങളെ വിശകലനം ചെയ്യുമ്പോൾ തന്റെ സ്വാർഥത്തിന്റെയും സ്വകാര്യതാൽപര്യത്തിന്റെയും വിപുലീകരണം മാത്രമാണതെന്ന വസ്തുത എളുപ്പത്തിൽ ഗ്രഹിക്കാൻ കഴിയും. അവൻ തന്റെ ദേശത്തിന്റെയോ സമുദായത്തിന്റെയോ ക്ഷേമത്തെ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതിൽ സ്വന്തം ക്ഷേമം കാണുന്നതു കൊണ്ട് മാത്രമാണ്. ഇക്കാരണത്താൽ അത്തരമൊരു വ്യക്തിക്ക് നന്നേ കവിഞ്ഞാൽ നാഷനലിസ്റ്റായിത്തീരാം' (*ഇസ്‌ലാമും ജാഹിലിയ്യത്തും*).

മനുഷ്യനോട് മാത്രമല്ല, മനുഷ്യൻ ഉണ്ടാക്കിയ സകലതിനോടും ആരാധനയോടെയാണ് ആധുനികത പെരുമാറിയത്. പ്രകൃതിക്ക് അത് സ്വന്തം നിലയിൽ ഒരു വിലയും കൽപിക്കുന്നില്ല. പ്രകൃതി മനുഷ്യന്റെ ഉൽപാദനപ്രവർത്തനത്തിനുള്ള വെറും അസംസ്കൃത വസ്തു മാത്രമാണ്. അസംസ്കൃത വസ്തു എന്നത് സാമ്പത്തിക ശാസ്ത്രത്തിന്റെ സാങ്കേതിക പദം മാത്രമല്ല. പ്രകൃതിയോടുള്ള ആധുനിക ഭൗതിക നാഗരികതയുടെ സമീപനം കൂടിയാണ്. മനുഷ്യനെയും മനുഷ്യനുണ്ടാക്കിയതിനെയും ആരാധിക്കുന്ന ഒരു പുതിയ മതമാണത്. ഭക്രാനംഗൽ അണക്കെട്ട് ഉദ്ഘാടനം ചെയ്തു കൊണ്ട് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറഞ്ഞു 'ഭക്രയും നംഗലും ആധുനിക ഇന്ത്യയുടെ തീർഥാടന കേന്ദ്രങ്ങളാണ്.'

ദൈവമാണ് മനുഷ്യനെ പ്രകൃതിയുമായും ബന്ധിപ്പിച്ചിരുന്ന ശക്തി. ദൈവത്തിന്റെ ഉദ്ദേശ്യപൂർവമായ സൃഷ്ടി എന്നതാണ് വിശ്വാസിയുടെ മനസ്സിൽ പ്രകൃതിക്കുള്ള പദവി. '*നാം മനുഷ്യനെ ഭൂമിയിൽ സൃഷ്ടിക്കുകയും അതിന്റെ പരിപാലനോത്തരവാദിത്വം ഏൽപിക്കുകയും ചെയ്തു*' (ഹൂദ് 61). അണകെട്ടുകയോ വ്യാവസായിക ആവശ്യങ്ങൾക്കുപയോഗിക്കുകയോ ചെയ്യാത്ത പുഴയിലെ വെള്ളം വെറുതെ ഒഴുകിപ്പോവുകയാണെന്നാണ് ഭൗതിക നാഗരികത വിശ്വസിക്കുന്നത്. ദൈവകൽപന പ്രകാരം പുഴയിലൂടെ ഒഴുകുന്ന വെള്ളം ഒരുപാട് ധർമങ്ങൾ നിർവഹിക്കുന്നുണ്ടെന്ന് തിരിച്ചറിയാനുള്ള പ്രകൃതി സാക്ഷരതയും ആത്മീയ വിവേകവും ഭൗതിക നാഗരികതക്കില്ല. വ്യവസായത്തിലും വാണിജ്യത്തിലുമാണ് ഈ നാഗരികത വിശ്വസിക്കുന്നത്. പണത്തിന്റെ ഭാഷ മാത്രമേ അതിന് മനസ്സിലാവുകയുള്ളൂ. ജീവിതത്തിന്റെ മുഴുകാര്യങ്ങളെയും പണത്തിന്റെ ഭാഷയിലേക്ക് പരിഭാഷപ്പെടുത്തുന്ന പ്രക്രിയയാണ് മുതലാളിത്തം. കറൻസി നോട്ടാണ് ആധുനിക മുതലാളിത്തത്തിന്റെ കൊടിയടയാളം. അങ്ങനെയാണ് രാഷ്ട്ര പുരോഗതിയുടെ

മാപിനി പ്രതിശീർഷ വരുമാനവും വിദേശനാണ്യവും മാത്രമായിത്തീർന്നത്.

സച്ചിദാനന്ദൻ ചൂണ്ടിക്കാട്ടിയപോലെ ഇത്തരമൊരു നാഗരികതയിൽ കാലാവസ്ഥയുടെ നിലനിൽപിനോ മണ്ണിന്റെ സവിശേഷമായ സർഗശേഷിക്കോ ഭൂമിയുടെ ജലസംഭരണത്തിനോ സമുദായങ്ങളുടെ കൂട്ടായ്മക്കോ മനുഷ്യന്റെ മൂല്യബോധത്തിനോ യാതൊരു പ്രാധാന്യവും ഉണ്ടാവുക വയ്യ. അതുകൊണ്ട് ഈ മേഖലകളിലെ നഷ്ടം നഷ്ടമായി കണക്കാക്കുകയുമില്ല.

പഞ്ചവത്സരപദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ വ്യാവസായിക വാണിജ്യ മേഖലകളിലെ വളർച്ചയല്ലാതെ, അടുത്ത അഞ്ചു വർഷം കൊണ്ട് ഏതെങ്കിലുമൊരു ആത്മീയ മാനവിക മൂല്യത്തെ വളർത്തുമെന്ന് നാം ടാർഗറ്റ് ചെയ്യാറില്ല. പ്രകൃതിയോടും മനുഷ്യനോടും ഏറ്റവും അക്രമം ചെയ്യുന്ന രാഷ്ട്രങ്ങളെയാണല്ലോ നാം വികസിത രാജ്യങ്ങളെന്ന് വിളിച്ചു പോരുന്നത്.

പരിധികളില്ലാത്ത വികസനം എന്നതാണ് ഭൗതികനാഗരികതയുടെ ഏറ്റവും പ്രലോഭനീയമായ വാഗ്ദാനം. എന്നാൽ അനിയന്ത്രിതമായ വികസനം നാശത്തിന്റെ കാരണമെന്നാണ് ഖുർആൻ പ്രസ്താവിക്കുന്നത്. '*തങ്ങൾക്ക് നൽകപ്പെട്ട ഉദ്ബോധനങ്ങൾ അവർ മറന്നു കളഞ്ഞപ്പോൾ സകലവിധ പുരോഗതിയുടെ കവാടങ്ങളും നാം അവർക്ക് തുറന്ന് കൊടുത്തു. അങ്ങനെ തങ്ങൾക്ക് ലഭിച്ച അനുഗ്രഹങ്ങളിൽ ഏറെ സന്തുഷ്ടരായപ്പോൾ നാം അവരെ പെട്ടെന്ന് പിടികൂടി. അപ്പോളവർ നിരാശരായിത്തീർന്നു. അക്രമം പ്രവർത്തിച്ച ജനത അങ്ങനെ ഉന്മൂലനം ചെയ്യപ്പെട്ടു. ലോകനാഥനായ അല്ലാഹുവിന് സ്തുതി*' (*അൽഅൻആം* 44,45). '*ഒരു ജനതയെ നാം നശിപ്പിക്കാൻ ഉദ്ദേശിച്ചാൽ ആ ജനതയിലെ സുഖലോലുപന്മാരോട് കൽപിക്കുന്നു. അവരതിൽ ധിക്കാരം പ്രവർത്തിച്ച് തുടങ്ങുന്നു. അപ്പോൾ നമ്മുടെ ശിക്ഷാവിധിക്ക് ആ നാട് അർഹമായിത്തീരുന്നു. അങ്ങനെ നാം അതിനെ തകർത്തുകളയുന്നു. ഇപ്രകാരം നൂഹിന് ശേഷമുള്ള എത്രയെത്ര നാഗരികതകളെയാണ് നാം തകർത്ത് കളഞ്ഞത്*' (*അൽ ഇസ്റാഅ്* 16,17).

ആധുനിക ഭൗതികനാഗരികതയുടെ വിജയം തന്നെയാണ് അതിന്റെ പരാജയവും. മറുഭാഗത്ത് ദൈവത്തിന്റെയും മൂല്യത്തിന്റെയും നിറച്ചാർത്തിൽ മണ്ണിനോടും മനുഷ്യനോടും നീതി ചെയ്ത്

എത്രയെത്ര നാഗരികതകളാണ് തകരാൻ ഭൗതികമായി ഒരു ന്യായവുമില്ലാതെ തകർന്ന് ചരിത്രത്തിന്റെ ശ്മശാനപ്പറമ്പുകളായി മാറിയത്. അഥവാ നിലനിൽപിന്റെ എല്ലാ ഭൗതിക സജ്ജീകരണങ്ങളുമുണ്ടായിട്ടും തകർച്ചയിൽ നിന്ന് രക്ഷപ്പെടാതെ പോയത്. നാഗരികതയുടെ പതനകാരണങ്ങൾ ഭൗതികം മാത്രമല്ല, ധാർമികം കൂടിയാണ്.

വികസിക്കുന്ന നാഗരികതക്ക് ആകാശത്ത് നിന്ന് പെയ്തിറങ്ങുന്ന ഭൂമിയിൽനിന്ന് മുളച്ചുപൊന്തുന്ന ദൈവാനുഗ്രഹങ്ങളുണ്ടെന്നും ഖുർആൻ പറയുന്നു. '*ജനതകൾ വിശ്വസിക്കുകയും ദൈവഭക്തിപുലർത്തുകയുമാണെങ്കിൽ നാമവർക്ക് ആകാശത്തു നിന്നും ഭൂമിയിൽ നിന്നും അനുഗ്രഹത്തിന്റെ കവാടങ്ങൾ തുറന്നുകൊടുക്കുന്നതാകുന്നു*' (*അൽ അഅ്റാഫ്* 96).

മൂല്യരഹിതമായ സാമ്പത്തിക വികസനം വികസനമല്ല എന്നാണ് വികസനത്തെക്കുറിച്ച ദൈവികതയുടെ പ്രതിപാഠം അവതരിപ്പിച്ചുകൊണ്ട് അല്ലാഹു പറയുന്നത്. '*ജനങ്ങളുടെ മുതലുകളിൽ ചേർന്ന് വളരുന്നതിന് വേണ്ടി നിങ്ങൾ ഒടുക്കുന്ന പലിശയുണ്ടല്ലോ, അല്ലാഹുവിന്റെ ദൃഷ്ടിയിൽ അത് വളരുന്നില്ല. അല്ലാഹുവിന്റെ പ്രീതി നേടിക്കൊണ്ട് നിങ്ങൾ നൽകുന്ന സകാത്ത്, അത് കൊടുക്കുന്നവരാകുന്നു യഥാർഥത്തിൽ തങ്ങളുടെ സമ്പത്ത് ഇരട്ടിപ്പിക്കുന്നവർ*' (*അർറൂം* 39) .

മനുഷ്യനാവശ്യമുള്ളത് ഉൽപാദിപ്പിച്ച് വിതരണം ചെയ്യുക എന്നതാണ് വിപണിയുടെ സ്വാഭാവിക ധർമം. എന്നാൽ തങ്ങളുൽപാദിപ്പിക്കുന്നത് മനുഷ്യന്റെ ആവശ്യമാക്കിമാറ്റുക എന്നതിലേക്ക് മുതലാളിത്തം വിപണിയെ തലതിരിച്ചിട്ടു. വിപണി മനുഷ്യന്റെ സ്വാഭാവിക ജീവിതത്തിൽ നിന്നും സ്വതന്ത്രമായ സ്ഥാപനമായി മാറി. വിപണിയുടെ ലക്ഷ്യം ലാഭം മാത്രമാണെന്ന് തീരുമാനിക്കപ്പെട്ടു. മാർക്കറ്റിന്റെ നന്മ തിന്മകൾ അതിന്റെ അകത്തു വെച്ചു മാത്രം നിർണയിക്കപ്പെടണമെന്നായി. ഗോതമ്പ് കത്തിച്ച് കളഞ്ഞാലാണ് കൂടുതൽ ലാഭം ലഭിക്കുകയെങ്കിൽ കത്തിച്ചു കളയലായി ശരി. വിപണിയുടെ അധ്യക്ഷതയിൽ നിന്ന് ദൈവത്തെ ഇറക്കിവിട്ടപ്പോൾ വിപണി ഒരു ഭീകര സ്ഥാപനമായി മാറി. വിപണി സ്വയം ഒരു ദൈവമാവുകയായിരുന്നു.

മുതലാളിത്തം യുക്തി ഭദ്രമാണ്, പ്രയോജനപ്രദമാണ്, ലാഭകരമാണ്, തോൽക്കാൻ ഇടയില്ലാത്തതാണ്. ഒന്നും ഒന്നും രണ്ടാണ്, ഈ ഗണിത ബോധത്തിനാണ് നാം യുക്തിബോധം എന്ന് വിളിക്കുന്നത്. നിന്റെ ഒന്ന് കട്ടെടുത്ത് എന്റെ ഒന്നിനോട് ചേർത്താലും അത് യുക്തിഭദ്രമായ രണ്ട് തന്നെയാണ്. തീ പൊള്ളിക്കുമെന്നും പഞ്ചസാര മധുരിക്കുമെന്നുമുള്ള അറിവിനാണ് നാം ശാസ്ത്രീയമായ അറിവ് എന്ന് പറയുന്നത്. മുതലാളിത്തം ശാസ്ത്രീയമാണ്. ലാഭം എങ്ങനെ നേടിയാലും ലാഭം തന്നെയാണ്. മുതലാളിത്തം ലാഭത്തിന്റെ രാജപാതയാണ്. നഷ്ടത്തിന്റെ എല്ലാ വഴികളും ഒഴിവാക്കുക, ലാഭത്തിന്റെ ഏതുവഴിയിലും സഞ്ചരിക്കുക, ഇതാണ് മുതലാളിത്തത്തിന്റെ പ്രബോധനം. ചിലപ്പോൾ തോൽവിയും വിജയമാണ്, നഷ്ടവും ലാഭമാണ് എന്നതാണ് ആത്മീയത. നിങ്ങൾ എന്തിനു വേണ്ടി തോൽക്കുന്നു എന്നതാണ് ആത്മീയതയുടെ ചോദ്യം. അന്യന്റെ അവകാശം കവരാതിരിക്കാൻ ചിലപ്പോൾ ഇത്തിരി തോൽക്കേണ്ടി വരും. പ്രകൃതിയെ ഹനിക്കാതിരിക്കാൻ ലാഭത്തിൽ കുറവ് വരുത്തേണ്ടിവരും. ചില തോൽവികൾക്ക് എന്തൊരു സൗന്ദര്യമാണ്. മനുഷ്യനു വേണ്ടി, മൂല്യത്തിനു വേണ്ടി സ്വയം തോറ്റ് കൊടുക്കുന്നവർ.

എന്തു വന്നാലും ലാഭം മാത്രം കിട്ടുന്ന കച്ചവടം ഒരു നാൾ പൊട്ടിത്തെറിക്കും. ഒരിക്കലും തോൽക്കാത്തത് ഒരുനാൾ മൊത്തമായി തോൽക്കും. ഒന്നും ഒന്നും രണ്ട്, രണ്ടും രണ്ടും നാല് എന്ന അക്രമാസക്തമായ കയറ്റത്തിന് ഒരിറക്കമുണ്ടായേ പറ്റൂ. അങ്ങനെയേ മനുഷ്യ ചരിത്രമുള്ളൂ. ചരിത്രത്തിന്റെ ഒരു പ്രത്യേകത അത് ഗണിതഭദ്രവും യുക്തിഭദ്രവുമല്ല എന്നതാണ്. എത്രയെത്ര നാഗരികതകളാണ് തകരാൻ ഭൗതികമായി ഒരു ന്യായവുമില്ലാതെ തകർന്ന് ചരിത്രത്തിന്റെ ശ്മശാനപ്പറമ്പുകളായി മാറിയത്. അഥവാ നിലനിൽപിന്റെ എല്ലാ ഭൗതിക സജ്ജീകരണങ്ങളുമുണ്ടായിട്ടും തകർച്ചയിൽ നിന്ന് രക്ഷപ്പെടാതെ പോയത്. നാഗരികതയുടെ പതനകാരണങ്ങൾ ഭൗതികം മാത്രമല്ല, ധാർമികം കൂടിയാണ്. തോൽക്കേണ്ടിടത്ത് തോൽക്കാൻ കഴിയ

ണം. ജയിക്കാൻ പാടുള്ളിടത്തേ ജയിക്കാവൂ. ലാഭം ന്യായമാകുന്നേടത്തേ അത് ലാഭമാകൂ. അല്ലെങ്കിൽ അത് ആത്യന്തികമായ നഷ്ടമാകും. ലാഭം എപ്പോഴും ലാഭമാണ് എന്നതാണ് മുതലാളിത്തം.

മനുഷ്യനെക്കുറിച്ച് വാചാലമായി സംസാരിച്ചു കടന്നുവന്ന ഒരു നാഗരികത എന്തുകൊണ്ട് ഇത്ര മനുഷ്യ വിരുദ്ധമായി എന്ന ചോദ്യം നമുക്കൊരിക്കൽ കൂടി ഉന്നയിക്കാം. ദൈവത്തെമാറ്റി നിർത്തി മനുഷ്യനെയും, പരലോകത്തെ മാറ്റിനിർത്തി ഇഹലോകത്തെയും, അതിന്ദ്രീയ ജ്ഞാനത്തെ മാറ്റി നിർത്തി വിജ്ഞാനത്തെയും ആരോഗ്യകരമായി നിർവചിക്കാൻ കഴിയില്ല എന്നതാണ് ഈ ചരിത്രാനുഭവത്തിന്റെ സന്ദേശം. ഭൗതിക ജീവിതത്തെപ്പോലും ഭൗതികതക്ക് സൗന്ദര്യമുള്ളതാക്കാൻ കഴിഞ്ഞില്ല എന്നതാണ് സത്യം. പരലോകത്തെ മാറ്റി നിർത്തി ഇഹലോകത്തെ ഗുണപരമായി നിർവചിക്കാൻ കഴിയില്ല. ദൈവത്തെ മാറ്റി നിർത്തിയുള്ള മനുഷ്യൻ ആത്യന്തികമായി ഞാൻ തന്നെയാണ്. ഞാൻ എന്നതിൽ നിന്ന് മനുഷ്യൻ മോചിതനാകുക എന്നതാണ് ആത്മീയത. ഒരാൾക്ക് അയാൾക്കപ്പുറത്തേക്ക് ഉയരാൻ പ്രാപ്തി നൽകാൻ കഴിയുന്നു എന്നതാണ് ദൈവികതയുടെ സവിശേഷത. തന്റെ താൽപര്യങ്ങളുടെ അപ്പുറം പോകാൻ ജൈവികമായി തന്നെ കഴിവില്ല എന്നതാണ് മൃഗത്തിന്റെ പരിമിതി.

വിശക്കുന്ന സിംഹത്തിന്റെ മുമ്പിൽ വന്നു പെടുന്ന പേടമാൻ അതിനെ കൊന്നു തിന്നാൽ അതിന്റെ കുട്ടികൾ അനാഥമായിപ്പോകുമല്ലോ എന്ന് ചിന്തിക്കേണ്ട ധർമം സിംഹത്തിനില്ല. കൊന്നു തിന്നലാണ് അതിന്റെ ധർമം. അങ്ങനെ കൊന്നു തിന്നുന്ന സിംഹത്തെ സിംഹത്തമില്ലാത്ത സിംഹം എന്നു നാം പറയാറില്ല. എന്നാൽ വിശക്കുന്ന ഒരു മനുഷ്യൻ ഉണ്ണാനിരിക്കുമ്പോൾ അവന്റെ മുമ്പിലേക്ക് കടന്നു വരുന്ന വിശക്കുന്ന മറ്റൊരാൾക്ക് തന്റെ അന്നം പകുത്തു കൊടുക്കുകയോ പൂർണമായി നൽകുകയോ ചെയ്യുന്നതാണ് മനുഷ്യത്വം. മനുഷ്യൻ ഇങ്ങനെ ചെയ്യുന്നതിന് ഭൗതികമോ, യുക്തിപരമോ, ശാസ്ത്രീയമോ ആയ ഒരു വിശദീകരണവും ഇല്ല. കാരണം, മനുഷ്യന്റെ ഓരോ കോശവും ഭൗതികമാണ്. ഈ ഭൗതിക കോശങ്ങൾ അവന് നൽകിക്കൊണ്ടിരിക്കുന്ന സന്ദേശം എത്രയും വേഗം ആവശ്യമായ അളവിൽ ഭക്ഷണം നൽകുക എന്നതാണ്. ഇതാണ് വിശപ്പ് എന്ന അനുഭവത്തിന്റെ ശാസ്ത്രീയ വിശദീകരണം. പിന്നെയെവിടെ നിന്നാണ് അന്നം അന്യന് നൽകുക എന്ന സന്ദേശം അവന് ലഭിച്ചത്. ആ സന്ദേശത്തിന് യുക്തിയുടെ, ശാസ്ത്രത്തിന്റെ, പ്രയോജനത്തിന്റെ, ലാഭത്തിന്റെ ഒരു വിശദീകരണവുമില്ല. എല്ലാ സഹാനുഭൂതികളും അശാസ്ത്രീയമാണ്.

കമ്യൂണിസം ശാസ്ത്രീയമായും യുക്തിപരമായും തെറ്റായിരുന്നു എന്നതാണ് അത് മുതലാളിത്തത്തോട് തോറ്റു പോകാൻ കാരണം. വ്യവസായ വിപ്ലവം കമ്യൂണിസ്റ്റ് വിപ്ലവത്തിന്റെ കളമുഴുത്താണ് എന്നാണ് മാർക്സ് വിശ്വസിച്ചിരുന്നത്. വ്യവസായം വികസിക്കുന്നതിനനുസരിച്ച് വർഗ വൈരുധ്യം മൂർഛിക്കും. അഥവാ തൊഴിലാളി കൂടുതൽ കൂടുതൽ ചൂഷണം ചെയ്യപ്പെടും. അപ്പോൾ അവൻ വിപ്ലവം നടത്തി ഉൽപാദനോപാധികൾ പിടിച്ചെടുക്കും. പക്ഷേ, വർത്തമാന ഫാക്ടറി മുതലാളി, മാർക്സിന്റെ മുഴുവൻ കണക്കുകൂട്ടലുകളെയും തെറ്റിച്ചിരിക്കുന്നു. തന്റെ വമ്പിച്ച ലാഭത്തിന്റെ ഒരു പങ്ക് ഫാക്ടറിത്തൊഴിലാളിക്ക് അവൻ തിരിച്ചു നൽകുന്നു. അഞ്ചക്ക ശമ്പളവും ബോണസും ഇൻഷുറൻസുമുള്ള ഫാക്ടറിത്തൊഴിലാളി വിപ്ലവത്തിന്റെ ഏറ്റവും വലിയ ശത്രുവായിരിക്കും. വ്യവസ്ഥിതിയിൽ ഏറെ സംതൃപ്തനായിരിക്കും. ആര് വിപ്ലവത്തിന്റെ മുന്നണിപ്പടയായാലും മാർക്സ് ശാസ്ത്രീയമായി കണക്കുകൂട്ടി പ്രഖ്യാപിച്ച ക്ലാസിക്കൽ തൊഴിലാളി വർഗം വിപ്ലവത്തിന്റെ മുന്നണിപ്പടയാകാൻ ഒരു സാധ്യതയുമില്ല.

യുക്തിയുടെ തലത്തിൽ മാർക്സിസം മുതലാളിത്തത്തോടു തോറ്റു. കേവല ഗണിതവും കേവല യുക്തിയും കുറേക്കാലം ജയിച്ചു നിന്നാലും ആത്യന്തികമായി തോൽക്കുമെന്ന ദൈവപാഠമാണ്, ചരിത്രാനുഭവമാണ് മുതലാളിത്തത്തിന്റെ പതനത്തെ പ്രവചിക്കാൻ നമുക്ക് ആത്മവിശ്വാസം നൽകുന്നത്. എപ്പോഴും കണക്ക് ജയിക്കുകയും മനുഷ്യൻ തോൽക്കുകയുമില്ല.

ബഹുദൈവത്വ ദൈവങ്ങളെ സൂക്ഷിച്ചു നോക്കിയാൽ അതും മനുഷ്യൻ തന്നെയാണെന്ന് കാണാം. മനുഷ്യൻ തന്റെ ഛായയിൽ ദൈവത്തെ സൃഷ്ടിക്കുകയായിരുന്നു. രാജാവും പുരോഹിതനും ധനികനും ചേർന്ന മുന്നണിക്കു വേണ്ടി പുരോഹിതൻ ദൈവത്തിന്റെ ഭാഷയിൽ സംസാരിച്ചു. ദൈവവും മനുഷ്യൻ തന്നെയാകുക; ദൈവതാൽപര്യം മനുഷ്യതാൽപര്യം തന്നെയാകുക. ഇവിടെയും ഏത് മനുഷ്യൻ എന്ന ചോദ്യത്തിന്റെ ഉത്തരം നാട്ടിൽ അധികാരവും പണവുമുള്ള സവർണൻ എന്നു തന്നെയാണ്. ആ മനുഷ്യന്റെ താൽപര്യങ്ങളാണ് അവൻ നിർമിച്ച ദൈവം പൂർത്തീകരിച്ചത്. പഴയ മനുഷ്യൻ ഭൂപ്രഭുവാണെങ്കിൽ പുതിയ മനുഷ്യൻ പണപ്രഭുവാണന്ന് മാത്രം. ബഹുദൈവത്വം കാര്യലാഭത്തിന്റെ ഉറവിടമായ ദൈവങ്ങളിലാണ് വിശ്വസിക്കുന്നത്. ഏകദൈവത്വം മൂല്യങ്ങളുടെ ഉറവിടമായ ദൈവത്തിലാണ് വിശ്വസിക്കുന്നത്. ദൈവത്തെ തകർത്ത് മനുഷ്യനെ ദൈവമാക്കിയപ്പോൾ ആ പുതിയ ദൈവത്തിനും വെളുത്തവന്റെ, സമ്പന്നന്റെ ഛായതന്നെ. വെളുത്തവനെയും കറുത്തവനെയും ഒരേ ദിവ്യമൂല്യത്തോടെ പടച്ച, സമ്പന്നന്റെയോ ദരിദ്രന്റെയോ മുഖഛായയില്ലാത്ത, നീതിക്ക് സാക്ഷിയാകാൻ പഠിപ്പിച്ച ഏകദൈവത്തെ വീണ്ടെടുത്തേ, മനുഷ്യൻ അവനപ്പുറത്തേക്ക് സഞ്ചരിച്ചേ ഈ വിഷമവൃത്തത്തിൽ നിന്ന് പുറത്തു കടക്കാൻ കഴിയൂ. ■

tm.velam@gmail.com